"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 - ഇൻഡോർ ബ്രില്ല്യന്റ് കൺവെൻഷനിൽ വച്ച് നടന്ന രണ്ട് ദിവസത്തെ ശില്പശാലയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ വിമാനയാത്രയ്ക്ക് മുൻകാല പ്രാബല്യത്തിൽ അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ. )വകുപ്പ്

സ.ഉ.(സാധാ) നം.2297/2025/LSGD തീയതി, തിരുവനന്തപുരം, 22-09-2025

---

പരാമർശം:- 1. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.06.2023, 06.08.2025 എന്നീ തീയതികളിലെ SM/957/2024/D1 നമ്പർ കത്ത്

## ഉത്തരവ്

സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതിയുടെ ഭാഗമായി സി.ബി.ജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് 2023 ജൂൺ 27 മുതൽ 28 വരെ ഇൻഡോർ ബ്രില്ല്യന്റ് കൺവെൻഷനിൽ വച്ച് നടന്ന രണ്ട് ദിവസത്തെ ശില്പശാലയിൽ ചുവടെ പറയുന്ന ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതിനും, ആയതിനായി തിരുവനന്തപുരത്ത് നിന്ന് ഇൻഡോറിലേക്കും തിരികെയും നടത്തിയ വിമാനയാത്രയ്ക്കും അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക |
|---|---|---|
| 1 | ഡോ.ബിനു ഫ്രാൻസിസ് | സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ |
| 2 | ഡോ.ഗോപകുമാർ ആർ.എസ്. | ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം കോർപ്പറേഷൻ |
| 3 | ഡോ.രഹിത | ലേഡി മെഡിക്കൽ ഓഫീസർ. കൊച്ചി കോർപ്പറേഷൻ |
| 4 | ശ്രീമതി സ്മിത | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചി കോർപ്പറേഷൻ |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതിയുടെ ഭാഗമായി സി.ബി.ജി.പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് 2023 ജൂൺ 27 മുതൽ 28 വരെ ഇൻഡോർ ബ്രില്ല്യന്റ് കൺവെൻഷനിൽ വച്ച് നടന്ന രണ്ട് ദിവസത്തെ ശില്പശാലയിൽ പങ്കെടുത്ത മേൽ പ്പരാമർശിച്ച ഉദ്യോഗസ്ഥരുടെ, തിരുവനന്തപുരത്ത് നിന്ന് ഇൻഡോറിലേക്കും തിരികെയും നടത്തിയ വിമാനയാത്ര സംബന്ധിച്ച ചെലവ് സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 ഫണ്ടിൽ നിന്നും ശുചിത്വമിഷൻ വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ മുൻകാല പ്രാബല്യത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

പകർപ്പ്:

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (LSGD-IA2/89/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 22-09-2025 14:56:15

സെക്ഷൻ ഓഫീസർ